

# എലിഞ്ഞിപ്ര ബെത്‌ലെഹം സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവക

കപ്പൂച്ചിൻ സഭയുടെ എലിഞ്ഞിപ്ര ബെത്‌ലെഹം ആശ്രമത്തോട് അനുബന്ധിച്ചാണ് 1998-ൽ സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവക സ്ഥാപിതമായത്. ഇടവകയ്ക്ക് പശ്ചാത്തലവും സൗകര്യവും ഒരുക്കിയത് ആശ്രമവും പ്രത്യേകമായി ആശ്രമദേവാലയത്തിലെ ആത്മീയ ശുശ്രൂഷകളുമാണ് എന്നതിനാൽ ആദ്യമേ ബെത്‌ലെഹം ആശ്രമത്തെപ്പറ്റി ഹ്രസ്വമായി രേഖപ്പെടുത്തുകയാണ്.

## ബെത്‌ലെഹം ആശ്രമം

1960 ജൂൺ മദ്ധ്യത്തിൽ ബഹു. ജോൺ കിഴക്കൂടനച്ചനും ശ്രീ. പ്ലാക്കൽ ജോസഫും ഇവിടെ കപ്പൂച്ചിൻ ആശ്രമം സ്ഥാപിക്കാൻ വേണ്ടി സ്ഥലം ദാനമായി നല്കിയിരുന്നു. പിന്നീട്, കുറച്ചുസ്ഥലം വിലകൊടുത്ത് വാങ്ങുകയുണ്ടായി. അക്കാലത്ത് തൃശ്ശൂർ രൂപതയിൽ കപ്പൂച്ചിൻസഭയുടേതായി തൃശ്ശൂർ കാൽവരി ആശ്രമം മാത്രമാണ് ഉണ്ടായിരുന്നത്. കാൽവരി ആശ്രമത്തിന്റെ ഗാർഡിയൻ (സുപ്പീരിയർ) ആയിരുന്ന ബഹു. ജെരാർദ് കല്ലിടുക്കിൽ അച്ചനായിരുന്നു, ഈ ആശ്രമം പടുത്തുയർത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചത്. അവിഭക്ത തൃശ്ശൂർ രൂപതയിലെ പലസ്ഥലങ്ങളിൽ നിന്നുമായി ലഭിച്ച സംഭാവനയായിരുന്നു, പ്രധാന സാമ്പത്തിക സ്രോതസ്സ്. തൃശ്ശൂർ മെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ അനുവാദത്തോടെ, 1962 ആഗസ്റ്റ് 13-ന് ശിലാസ്ഥാപനം നടത്തി നിർമ്മാണം തുടങ്ങിയ ആശ്രമം 1963 മേയ് 13-ാം തിയ്യതിയാണ് ആശീർവദിച്ചത്. ആശ്രമത്തോടു ചേർന്ന് അന്തേവാസികൾക്കും സമീപവാസികൾക്കും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാൻ സൗകര്യപ്രദമായ ഒരു ചാപ്പലും ഉണ്ടായിരുന്നു. ക്രമേണ, ഫ്രാൻസിസ്കൻ അല്മായസഭ, മതബോധനം, 'അസ്സീസി സമാജ്' എന്ന യുവജനസംഘടന തുടങ്ങിയവയും ആശ്രമ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച് സജീവമായി മുന്നേറിയിരുന്നു. കേരളത്തിലെ കപ്പൂച്ചിൻ പ്രോവിൻസിന്റെ വിഭജനത്തെത്തുടർന്ന് ഈ ആശ്രമം സെന്റ് തോമസ് പ്രോവിൻസിൽ പെടുന്നു. പെ. ബഹു. ക്രിസ്റ്റി വട്ടക്കുഴിയച്ചനായിരുന്നു പ്രഥമ പ്രൊവിൻഷ്യൽ.

## ഇടവക രൂപീകരണം

മേല്പറഞ്ഞ പ്രകാരം ഇവിടെ സജീവമായ ആരാധനാസമൂഹവും നല്ല നിലയിലുള്ള വിശ്വാസ



ബെത്‌ലെഹം ആശ്രമം

പരിശീലനവും സംഘടനാപ്രവർത്തനങ്ങളും തുടർന്നുപോന്നിരുന്ന സാഹചര്യത്തിൽ ഈ ആശ്രമ ദേവാലയത്തോട് ചേർന്ന് ഒരു ഇടവക രൂപം കൊള്ളുന്നത് കൂടുതൽ സൗകര്യമാവുമെന്ന് ഈ പ്രദേശത്തുള്ളവർ കരുതി. ഇക്കാര്യം ആശ്രമാധികാരികളെയും അയൽവികാരിമാരെയും അറിയിക്കുകയും ഇക്കാര്യത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. രൂപതയുടെ മേലധികാരികളും കപ്പൂച്ചിൻ പ്രൊവിൻഷ്യൽ കൗൺസിലും ഇതിനുവേണ്ട അനുമതിയും അംഗീകാരവും നല്കി. 1998 ആഗസ്റ്റ് 24-ന് ഇരിങ്ങാലക്കുട രൂപതമെത്രാൻ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവും അന്നത്തെ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ വെരി. റവ. ഡോ. മാത്യു പൈകട അച്ചനും ഇതിനുവേണ്ടി ധാരണാപത്രം ഒപ്പുവച്ചു. അതനുസരിച്ച്, ഇടവക സ്ഥാപിതമാകുന്ന തിയ്യതി മുതൽ ഇടവകയ്ക്ക് സ്വന്തമായി ഒരു ദേവാലയം പണിയുന്നതുവരെ, ആശ്രമത്തിന്റെ ഉപയോഗത്തിനും ജീവിതക്രമത്തിനും തടസ്സമാകാത്തവിധത്തിൽ ഇടവകയ്ക്ക് ആശ്രമദേവാലയം ഉപയോഗിക്കാമെന്നാണ്. ഇപ്രകാരം, മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ 8.9.1998-ലെ DL2/98,807 /98-ാം നമ്പർ കല്പന പ്രകാരം വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളായ 1998 ഒക്ടോബർ 4-ന് ഈ ഇടവക പ്രാബല്യത്തിൽ വന്നു.



സെന്റ് മേരീസ് കപ്പേള

സെന്റ് ജോർജ്ജ് പരിയാരം,ലൂർദ്ദ്നഗർ എലിഞ്ഞിപ്ര എന്നീ ഇട വകകളിൽ നിന്നായി ആകെ 303 വീടുകളെ ഉൾപ്പെടുത്തിയാണ് “സെന്റ് ഫ്രാൻസിസ് അസ്സീസി, ബെത്‌ലെഹം, എലിഞ്ഞിപ്ര”എന്ന പേരിൽ ഈ ഇടവ ക സ്ഥാപിതമായത്. അന്നത്തെ എലിഞ്ഞിപ്ര ആശ്രമം സുപ്പീരിയറായിരുന്ന മഞ്ഞിയിൽ ബഹു. ആന്റണി O.F.M. (Cap) ആയിരുന്നു, പ്രഥമ വികാരി. ബഹു. വികാരിമാരുടെയും മറ്റു വൈദികരുടെയും സേവനം ഏറെ വിലപ്പെട്ടതാണ്. ഇടവകയ്ക്കുവേണ്ടി നിർമ്മിച്ച സെൽ മോഡൽ സിമിത്തേരി 2001 ഒക്ടോബർ 27-ന് ബിഷപ്പ് വെഞ്ചരിച്ചു. ഇടവകയുടെ പരിധിയിൽ 3 കപ്പേളകൾ നിലവിലുണ്ട്.

കാലാനുസൃതം ഇടവക നാനാവിധത്തിൽ പുരോഗതി പ്രാപിച്ചു. തുടർന്ന് വികാരിമാരായി ശുശ്രൂഷ ചെയ്തത് ബഹു. ജോസഫ് അനിൽ പനങ്കൂടൻ, തോമസ് പുത്തൂർ, ജോർജ്ജ് കുന്നേൽ, പോൾ മാടശ്ശേരി എന്നീ സുപ്പീരിയർമാരാണ്.

## സോഷ്യൽ സെന്റർ

ബെത്‌ലെഹം ഫ്രാൻസിസ്കൻ ചാരിറ്റീസ്



സെന്റ് ആന്റണീസ് കപ്പേള



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള

എന്ന പേരിൽ 1966-ൽ അന്നത്തെ സുപ്പീരിയറായിരുന്ന ബഹു. ഹെൻറി മാന്തറയച്ചനാണ് സോഷ്യൽ സെന്റർ ആരംഭിച്ചത്. സമീപവാസികളായ യുവജനങ്ങൾക്ക് തൊഴിൽപരിശീലനവും അതോടൊപ്പം ജോലിസാധ്യതകളും നല്കുകയായിരുന്നു, ലക്ഷ്യം. ചെറിയൊരു ബുക്ക് ബൈന്റിങ്ങ് സെന്ററായി തുടക്കം കുറിച്ച ഈ സ്ഥാപനം ക്രമേണ വിവിധ യൂണിറ്റുകളിലൂടെ കൂടുതൽ കർമ്മനിരതമായി. ഇപ്രകാരം പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിർമ്മാണം, ബീഡിതെറുപ്പ്, കസേരനിർമ്മാണം, വെൽഡിങ്ങ് യൂണിറ്റ് തുടങ്ങിയ വിഭാഗങ്ങളിലായി 200-ഓളം പേർക്ക് തൊഴിൽ നല്കാൻ ഏതാനും വർഷത്തേയ്ക്ക് സാധിച്ചു. പിന്നീട്, വിപണന സാധ്യതക



സോഷ്യൽ സെന്റർ

ളുടെ പേരിൽ ചില യൂണിറ്റുകൾ നിർത്തേണ്ടിവന്നു. തന്മൂലം ഇപ്പോൾ പരമാവധി 30 പേർക്കാണ് ആകെ തൊഴിൽ സാധ്യത നിലവിലുള്ളത്. പുതിയ സാധ്യതകൾക്കുവേണ്ടി ഡയറക്ടർ ബഹു. ലിജോയ് ചിരിയങ്കണ്ടത്ത് അച്ചന്റെ നേതൃത്വത്തിൽ പരിശ്രമിക്കുകയാണ്.

## മൈനർ സെമിനാരി

1999-ൽ സെന്റ് തോമസ് പ്രോവിൻസ് രൂപീകൃതമായതിനെത്തുടർന്ന് 2000 അധ്യയ വർഷത്തിൽ എലിഞ്ഞിപ്രയിൽ ബത്‌ലെഹം മൈനർ സെമിനാരി സ്ഥാപിതമായി. റവ. ഫാ. മരിയലാൽ മഞ്ഞളി അച്ചനായിരുന്നു, ആദ്യത്തെ റെക്ടർ. ആശ്രമത്തോട് അനുബന്ധിച്ചുള്ള കെട്ടിടത്തിലാണ് ചാപ്പൽ, പഠനഭവനം തുടങ്ങിയവ ഒരുക്കിയത്. സൗകര്യാർത്ഥം പുതിയ ഒരു വിങ്ങ് കൂടി പണിത് 2001 ഒക്ടോബർ 1-ന് ആശീർവദിക്കുകയുണ്ടായി.

## കോൺവെന്റ്

ഇറ്റലി ആസ്ഥാനമായുള്ള ഡോട്ടേഴ്‌സ് ഓഫ് സെന്റ് ഫ്രാൻസീസ് ഓഫ് അസ്സീസി എന്ന



മൈനർ സെമിനാരി

ലിക ഭവനത്തിൽ ആരംഭം കുറിച്ചു. ബഹു. സിസ്റ്റേഴ്‌സ് ഫ്രാൻസിസ്കൻ ജീവിതരീതിയനുസരിച്ച് പരസ്നേഹത്തിലൂന്നിയ വിവിധ ശുശ്രൂഷകളിൽ യഥോചിതം സഹകരിക്കുന്നു.

## നവീന ദേവാലയം, കാര്യാലയം

ആശ്രമ ദേവാലയത്തിന്റെ സ്ഥലപരിമിതി പരിഹരിക്കാൻവേണ്ടി, വിപുലമായ രീതിയിൽ വികസനം വരുത്തിയാണ് ദേവാലയത്തിന് പുതുമകളോടെ വിസ്തൃതി വരുത്തിയത്. 2005-ൽ ഇവിടെ സുപ്പീരിയറും വികാരിയുമായി നിയമിതനായ ബഹു. പോൾ മാടശ്ശേരിയച്ചൻ സ്ഥലപരിമിതി വ്യക്തമായി ഗ്രഹിച്ചു. ഇടവക



വി. ഫ്രാൻസീസ് അസ്സീസിയുടെ ഗ്രോട്ടോ

ജനങ്ങളുടെ ആവശ്യം മനസ്സിലാക്കിയ ബഹു. പോൾ അച്ചന്റെ നേതൃത്വത്തിൽ 2006-ൽ നല്കിയ അപേക്ഷ പ്രൊവിൻഷ്യൽ വെരി. റവ. ഡോ. ഡേവിഡ് ഫ്രാൻസിസ് പേരാമംഗലവും കൗൺസിലേഴ്‌സും പഠിച്ച് അനുകൂലമായ തീരുമാനവും അനുവാദവും നല്കി. ഇടവകക്കാരും ഇതര ഗുണകാംക്ഷികളും സാധ്യതയനുസരിച്ച് സംഭാവനയും സഹകരണവും നല്കി. നവദേവാലയനിർമ്മാണത്തിനായി 2007 ജൂൺ 18-ന് അഭിവന്ദ്യപിതാവ് അടിസ്ഥാന ശില ആശീർവദിച്ച് സ്ഥാപിച്ചു. എല്ലാവരുടെയും സഹായസഹകരണത്തോടെ യഥാസമയം പണി തീർത്ത മനോഹരമായ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മവും പുതുതായി നിർമ്മിച്ച ഇടവക കാര്യാലയത്തിന്റെ ആശീർവാദകർമ്മവും അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 2008 സെപ്തംബർ 30-ാം തിയ്യതി സാഘോഷം നടത്തുകയുണ്ടായി. വികാരി ബഹു. പോൾ മാടശ്ശേരിയച്ചന്റെ നേതൃത്വത്തിൽ ഇടവക വികസനത്തിന്റെ പാതയിലൂടെ മുന്നേറുകയാണ്.



ഇടവക കാര്യാലയം